കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - പ്രായപരിധി

22 (6167) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യതകളെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരമൊരു സർവ്വീസ് ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) പ്രസ്തുത സർവ്വീസിലേക്ക് സർവ്വീസ് കാറ്റഗറിയിൽ അപേക്ഷിക്കുന്നതിന് എല്ലാ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തുമോ ;

(ഡി) നിലവിൽ തീരുമാനിച്ചിട്ടുള്ള പ്രായപരിധി സ്റ്റേറ്റ് സിവിൽ സർവ്വീസിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് സമാനമായ രീതിയിൽ പുനർനിർണ്ണയിക്കുന്നതിനും അതിൻപ്രകാരം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ –ഡി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പോയ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ

23 (6168) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ഭരണതലത്തിൽനിന്നും കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര സിവിൽ സർവ്വീസ് ഓഫീസറിന്റെ ഒഴിവുകൾ ഉണ്ട് ; ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ ഉദ്യോഗസ്ഥർ :

ഐ.എ.എസ്.	- 25
ഐ.പി.എസ്	- 13
ഐ.എഫ്.എസ്.	- 7

വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) നിലവിൽ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly